## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2415 | 14/06/2019-ൽ മറുപടിക്ക്

### എൻ.ടി .പി.സി.യുമായുള്ള കരാർ

| | ചോദ്യം<br><br>**ശ്രീ.ആർ. രാമചന്ദ്രൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എൻ.ടി .പി.സി. യുടെ കായംകുളം താപനിലയത്തിൽ നിലവിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടോ; | (എ) | ഇല്ല |
| (ബി) | എൻ.ടി .പി.സി. യുമായി സംസ്ഥാനം ഏർപ്പെട്ടിരിക്കുന്ന കരാറിലെ പ്രധാന വ്യവസ്ഥകളും, കരാറിന്റെ പ്രാബല്യ തീയതിയും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ടി.പി.സി യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപവൈദ്യുതി നിലയവുമായി ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാർ വ്യവസ്ഥകൾക്കു വിധേയമായി 28.02.2025 വരെ പ്രാബല്യത്തിലുണ്ട്. ഈ നിലയത്തിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി പോലും കെ.എസ്.ഇ.ബി വാങ്ങിയില്ലെങ്കിൽപ്പോലും നിശ്ചയിക്കപ്പെട്ട ഫിക്സഡ് ചാർജ് നൽകാൻ കെ.എസ്.ഇ.ബി ബാദ്ധ്യസ്ഥരാണ്. എന്നാൽ കരാർ വ്യവസ്ഥയനുസരിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് ഈ നിലയം ഉത്പാദനപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള അവകാശവും കരാർ പുന:പരിശോധിക്കുന്നതിനുള്ള ബാധ്യതയും കെ.എസ്.ഇ.ബി യ്ക്കുണ്ട്. |
| (സി) | നാഫ്ത ഇന്ധനമാക്കി നിർമ്മിക്കുന്ന വൈദ്യുതിയുടെ ഉയർന്ന യൂണിറ്റ് ചാർജ് മൂലമാണോ പ്രസ്തുത പദ്ധതി മന്ദഗതിയിലാകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അതെ. നാഫ്ത ഇന്ധനമാക്കി ഈ നിലയത്തിൽ നിന്നുത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില മറ്റു സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്. |
| (ഡി) | എൻ.ടി .പി.സി. യുമായി കേരളം മാത്രമാണോ കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്നും, മറ്റ് സംസ്ഥാനങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ഡി) | കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിന് കേരളം മാത്രമാണ് എൻ.ടി.പി.സിയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | വൈദ്യുതി വാങ്ങാതെ എൻ.ടി .പി.സി.യ്ക്ക് കരാർ പ്രകാരമുള്ള തുക നൽകിയതിന്റെ വിവരങ്ങളും ആയത് സംസ്ഥാനത്തിന് ബാദ്ധ്യതയാണോ യെന്നും അറിയിക്കുമോ? | (ഇ) | എൻ.ടി.പി.സി യുമായി നിലവിലുള്ള കരാർ പ്രകാരം ഇന്ധനം സ്റ്റോക്ക് ചെയ്യൽ, അറ്റകുറ്റപ്പണികൾ, വർക്കിംഗ് ക്യാപിറ്റൽ തുടങ്ങി വിവിധ കാര്യങ്ങൾക്ക് കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഏകദേശം 300 കോടി രൂപയുടെ ബാധ്യതയാണ് പ്രതിവർഷം കെ.എസ്.ഇ.ബിയ്ക്ക് ഉണ്ടാകുക. എന്നാൽ ഉൽപാദനം നടത്താതെ ഇത്രയും വലിയ തുക നൽകുന്നതിലുള്ള പ്രയാസം ബോദ്ധ്യപ്പെടുത്തി തുകയിൽ വെട്ടിക്കുറവ് വരുത്തണമെന്ന് കെ.എസ്.ഇ.ബി എൻ.ടി.പി.സി.യോട് ആവശ്യപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇക്കാര്യത്തിൽ ശക്തമായി ഇടപെടുകയും 2014-19 വരെയുള്ള കാലഘട്ടത്തിലെ തുക പ്രതിവർഷം 200 കോടിയോളമായി കുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018-ൽ ഉണ്ടായ ഈ തീരുമാനമനുസരിച്ച് മുൻകാലത്ത് നൽകിയ തുക ഭാവിയിലേക്ക് വരവ് വെക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-24 കാലയളവിലേക്കുള്ള ബാധ്യതയെ സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. ഇനിയും തുക ഗണ്യമായി കുറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ